## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5221 **15.11.2019 ൽ** മറുപടിക്ക്

## പുത്തൻകുരിശ് വികലാംഗ സഹകരണസംഘം ഓഫീസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ആവശ്യമാണോ എന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി ആവശ്യമില്ല. എന്നാൽ റവന്യൂ രേഖകളിൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതുമായ പുഴ പുറമ്പോക്ക്, തോട് പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവയിൽപ്പെട്ട ഭൂമി പതിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ആവശ്യമാണ്. |
| ബി | പുത്തൻകുരിശ് വികലാംഗ സഹകരണസംഘം ഓഫീസിന് പത്ത് സെന്റ് സ്ഥലം ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് അധികൃതർ എൻ.ഒ.സി നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | പുത്തൻകുരിശ് വികലാംഗ സഹകരണ സംഘം ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലം തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത് 13.07.2018 തീയതിയിലെ 8(1) നമ്പർ തീരുമാന പ്രകാരം വിട്ടുനൽകുന്നതിന് പഞ്ചായത്തിന് തടസ്സമില്ലെന്ന വിവരം കുന്നത്തുനാട് തഹസിൽദാരെ അറിയിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

സെക്ഷൻ ഓഫീസർ

# തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്

13.07.2018 തീയതി നടന്ന സാധാരണയോഗത്തിലെ
8/1 നമ്പർ തിരുമാനം.

അജണ്ട : 8 : ഭൂമിപതിവ് സംബന്ധിച്ച് ബഹു. കുന്നത്തുനാട് തഹസിൽദാറുടെ 6/7/18 തീയതിയിലെ സി7-2146/13 സംബന്ധിച്ച്
നമ്പർ കത്ത് : :—

തിരുമാന നമ്പർ : 8/1 (13.07.2018) തീയ്തി

തിരുമാനം : അംഗീകരിച്ചു

തിരുവാണിയൂർ പഞ്ചായത്തില് വാർഡ് 14-ൽ തിരുവാണിയൂർ വില്ലേജ്, ബ്ലോക്ക് 40, സർവ്വേ നം – 295/5 ൽ പ്പെട്ട 04.05 ആർ സ്ഥലം വികലാംഗ സഹകരണ സംഘത്തിന് പതിച്ചുകൊടുക്കുന്നതിന് പഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കണമെന്നാവശ്യപ്പെട്ട് ബഹു. കുന്നത്തുനാട് തഹസിൽദാർ നൽകിയ കത്ത് വായിച്ചു. പ്രസ്തുത സ്ഥലം ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്ക് ഭവനസമുച്ചയം നിർമ്മാണത്തിന് പഞ്ചായത്തിന് വിട്ടു തരണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത്, ബഹു.ജില്ലാകളക്ടർക്കും ബഹു. സർക്കാരിനും അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും വികലാംഗ സഹകരണ സംഘത്തിന് മേൽ പറഞ്ഞ ഭൂമിയിൽ നിന്നും 5 സെന്റ് ഭൂമി പതിച്ചു കൊടുക്കുന്നതിന് പഞ്ചായത്തിന് തടസ്സമില്ല എന്നത് ബഹു.കുന്നത്തുനാട് തഹസിൽദാരെ അറിയിക്കുന്നതിന് തീരുമാനിച്ചു.

സെക്രട്ടറി (ഒപ്പ്)
പ്രസിഡന്റ്

THIRUVANIYOOR GRAMA PANCHAYATH OFFICE

ശരിപകർപ്പ്
K. T. SANTHOSH
SECRETARY
THIRUVANIYOOR GRAMA PANCHAYAT
THIRUVANIYOOR. P. O.
PHONE: 0484-2730029

Scanned by CamScanner

Scanned by CamScanner